പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 67

# 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

<u>പതിനഞ്ചാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 67</u>

# 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 67

# 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ

1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റ് (1974-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 ജനുവരി 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 9-ാം വകുപ്പിനുള്ള ഭേദഗതി.—1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിലെ(1974-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 9-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഇരുപത് ആറിൽ കൂടുതലും എന്നാൽ നാല്പത് ആറിൽ കുറവ് വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ള ഓരോ ഭൂവുടമയും തന്റെ കൈവശമുള്ള മുഴുവൻ ഭൂമിക്കും പ്രതിവർഷം ഓരോ ആറിനും അൻപത് പൈസ നിരക്കിൽ നിധിയിലേക്ക് അംശദായം നൽകേണ്ടതും, നാല്പത് ആറിൽ കൂടുതൽ കൃഷിഭൂമി കൈവശമുള്ളവർ തന്റെ കൈവശമുള്ള മുഴുവൻ ഭൂമിക്കും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ പ്രതിവർഷം ഓരോ ആറിനും ഒരു രൂപ അംശദായം നൽകേണ്ടതുമാണ്.";

(2) (2)-ാം ഉപവകുപ്പിൽ "അഞ്ച് രൂപ" എന്ന വാക്കുകൾക്ക് പകരം "ഇരുപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

1711/2021.

(3) (4)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) രജിസ്റ്റർ ചെയ്ത കർഷക തൊഴിലാളികൾ ഓരോ സാമ്പത്തിക വർഷവും നൽകുന്ന അംശദായത്തിന്റെ ഇരുപത്തി അഞ്ച് ശതമാനത്തിന് തുല്യമായ ഒരു തുക, പ്രതിശീർഷം പരമാവധി അഞ്ച് രൂപയായി പരിമിതപ്പെടുത്തി കൊണ്ട്, വർഷം തോറും, സർക്കാർ, ഗ്രാന്റായി നിധിയിലേക്ക് നൽകേണ്ടതാണ് .".

3. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 133) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിന്റെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, നാല്പത് ആറിൽ കൂടുതൽ വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ള ഓരോ ഭൂവുടമയും അയാൾ നാല്പത് ആറിൽ കൂടുതലായോ അതിന്റെ ഭാഗമായോ കൈവശം വച്ചിട്ടുള്ള ഭൂമിയ്ക്ക് പ്രതിവർഷം ഓരോ ആറിനും ഇരുപത്തിയഞ്ച് പൈസ എന്ന നിരക്കിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ നിധിയിലേക്ക് അംശദായം നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ആക്റ്റിന്റെ 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ കർഷകത്തൊഴിലാളിയും പ്രതിമാസം അഞ്ച് രൂപ നിരക്കിൽ നിധിയിലേക്ക് അംശദായം നല്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. 9-ാം വകുപ്പ് (4) -ാം ഉപവകുപ്പ്, രജിസ്റ്റർ ചെയ്ത കർഷക തൊഴിലാളികൾ ഓരോ സാമ്പത്തിക വർഷവും നൽകുന്ന അംശദായത്തിന് തുല്യമായ ഒരു തുക, സർക്കാർ, വർഷം തോറും ഗ്രാന്റായി നിധിയിലേക്ക് നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

2. കർഷക തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ പദ്ധതിയുടെ വരുമാനം തികച്ചും അപര്യാപ്തമായിരുന്നു. കൂടാതെ കർഷക തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ പരിഗണിക്കുമ്പോൾ, പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം തൊഴിലാളികൾക്ക് നൽകേണ്ട വിവിധ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകുന്നതിനായി,

ഭൂഉടമകളുടെയും കർഷകത്തൊഴിലാളികളുടെയും നിലവിലുള്ള അംശദായ നിരക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്. കൂടാതെ സർക്കാർ ഗ്രാന്റ് നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥ ഭേദഗതി ചെയ്യുവാനും തീരുമാനിച്ചു. അതിനാൽ, നിധിയിലേക്കുള്ള ഭൂവുടമകളുടെ അംശദായവും കർഷക തൊഴിലാളികളുടെ അംശദായവും ആക്റ്റിലെ ബന്ധപ്പെട്ട വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് വർദ്ധിപ്പിക്കേണ്ടത് ആവശ്യമായിവന്നു. ആയതിനാൽ, ആക്റ്റിൽ അനുയോജ്യമായ ഭേദഗതി കൊണ്ടുവരുവാൻ, സർക്കാർ, തീരുമാനിച്ചു.

3. ഈ വിഷയം സംബന്ധിച്ച് സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 175 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2020 ജനുവരി 16-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 ജനുവരി 16-ാം തീയതിയിലെ 114-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 7-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. 2020 ജനുവരി 29-ാം തീയതി ആരംഭിച്ച് 2020 ഫെബ്രുവരി 12-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2020-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2020 ഫെബ്രുവരി 17-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 ഫെബ്രുവരി 18-ാം തീയതിയിലെ 539-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 10-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. 2020 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2020 മാർച്ച് 13-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2020-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2020 മാർച്ച് 31-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 മാർച്ച് 31-ാം തീയതിയിലെ 1012-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 24-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

9. 2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

10. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2020-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 സെപ്റ്റംബർ 29-ാം തീയതിയിലെ 2218-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 62-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

11. 2020 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

12. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 661-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 9-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

13. 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

14. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2-ാം തീയതിയിലെ 1924-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 55-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

15. 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

16. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 25-ാം തീയതിയിലെ 2491- ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 133-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

17. 2021-ലെ 133-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 9-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, നിധിയിലേക്ക് അംശദായം നൽകുന്ന രീതി നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ അവ ഉണ്ടാക്കിയതിനുശേഷം, നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. ശിവൻകുട്ടി.

//ശരിത്തർജ്ജമ//

# 1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റിൽ (1974-ലെ 18) നിന്നുള്ള പ്രസക്തഭാഗങ്ങൾ

**   **   **   **

9. <u>നിധിയിലേക്കുള്ള അംശദായം</u>—(1) നാല്പത് ആറിൽ കൂടുതൽ വിസ്തൃതിയുള്ള കൃഷിഭൂമി കൈവശമുള്ള ഓരോ ഭൂവുടമയും അയാൾ നാല്പത് ആറിൽ കൂടുതലായോ അതിന്റെ ഭാഗമായോ കൈവശം വച്ചിട്ടുള്ള ഭൂമിയ്ക്ക് പ്രതിവർഷം ഓരോ ആറിനും ഇരുപത്തിയഞ്ച് പൈസ എന്ന നിരക്കിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ നിധിയിലേക്ക് അംശദായം നൽകേണ്ടതാണ് .

(2) രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ കർഷകത്തൊഴിലാളിയും പ്രതിമാസം അഞ്ചു രൂപ നിരക്കിൽ നിധിയിലേക്ക് അംശദായം നല്കേണ്ടതാണ്.

**   **   **   **

(4) രജിസ്റ്റർ ചെയ്ത കർഷക തൊഴിലാളികൾ ഓരോ സാമ്പത്തിക വർഷവും നൽകുന്ന അംശദായത്തിന് തുല്യമായ ഒരു തുക സർക്കാർ വർഷം തോറും, ഗ്രാന്റായി, നിധിയിലേക്ക് നൽകേണ്ടതാണ് .

**   **   **   **